## പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 416 | 11.12.2012-ൽ മറുപടിയ്ക്ക്

## സൗരോർജ്ജ പ്ലാന്റ്

**ചോദ്യം**

ശ്രീ.എ.എം. ആരിഫ്

(എ) സംസ്ഥാനത്ത് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് ഉല്പാദനം നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ദക്ഷിണ കൊറിയയിലെ ഏതെങ്കിലും കമ്പനിയുമായി സർക്കാർ ധാരണയിലെത്തിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ മന്ത്രിസഭ എടുത്ത തീരുമാനം വിശദമാക്കാമോ; മന്ത്രിസഭാതീരുമാനത്തെ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) എത്ര മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ളതാണ് പ്രസ്തുത പദ്ധതി ; എത്ര പ്ലാന്റുകൾ, ഏതെല്ലാം സ്ഥലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു; ഇതിനായി മൊത്തം എത്ര ഭൂമി ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു ; വിശദമാക്കുമോ ;

(സി) ഈ പദ്ധതിയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി എന്ത് നിരക്കിൽ കെ.എസ്.ഇ.ബി യ്ക്ക് ലഭിക്കുമെന്ന് അറിയിക്കുമോ ;

(ഡി) സർക്കാർ ഇപ്പോൾ ധാരണയിലെത്തിയ കൊറിയൻ കമ്പനിയ്ക്കെതിരെ ബഹു: ഹൈക്കോടതിയുടെ എന്തെങ്കിലും ഉത്തരവ് നിലനില്ക്കുന്നുണ്ടോ; വിശദമാക്കുമോ

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി)

(എ) (ബി) (സി) & (ഡി) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ ചെമ്മനപതി ഗ്രാമത്തിൽ Hanjong Energy & Technology Private(Limited) എന്ന കമ്പനി 30 MWP ശേഷിയുള്ള സൗരോർജ്ജപ്ലാന്റ് സ്ഥാപിക്കുന്നുണ്ടെന്നും രണ്ടുവർഷത്തിനുള്ളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 300 MWP ന്റെ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും യൂണിറ്റൊന്നിന് 3 രൂപ 25 പൈസ നിരക്കോ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുന്ന നിരക്കോ ഏതാണ് കുറവ് ആ നിരക്കിൽ വൈദ്യുതി തരാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു. അതനുസരിച്ച് പ്രസ്തുത കമ്പനിയുമായി ധാരണാപത്രം ഒപ്പിടുവാൻ മന്ത്രിസഭ തീരുമാനമെടുത്തിരുന്നു. എന്നാൽ ധാരണാപത്രം ഒപ്പിടുന്നതിനുമുൻപ് ധനകാര്യവകുപ്പിന്റേയും നിയമവകുപ്പിന്റേയും അഭിപ്രായം കൂടി ആരായേണ്ടതുണ്ട്. മേൽ വകുപ്പുകളിൽ നിന്നുള്ള അഭിപ്രായം ലഭിച്ചിട്ടില്ലാത്തതിനാൽ ധാരണാപത്രം ഒപ്പുവയ്ക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ മന്ത്രിസഭാ തീരുമാനത്തെ തുടർന്നുള്ള സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല.

സെക്ഷൻഓഫീസർ